നമ്മുടെ കൂട്ടായ്മയുടെ "ചായം" വനിതാദിന പ്രത്യേക പരിപാടി സാക്ഷാത്കാരമാകുന്ന വരുമാഴ്ചയോടു ചേര്ത്തുവയ്ക്കുവാന് നൈപുണ്യമാര്ന്നൊരു ബാങ്കര്ക്കായുള്ള അന്വേഷണം അനേകം പ്രതിഭകളിലേക്കെത്തിച്ചേര്ന്നു. ആരാകണം ആ വനിതയെന്ന ചോദ്യത്തില് ഉത്തേജിതരായി രാജ്യത്തിന്റെ പല കോണുകളിലിരുന്ന്,
എഡിറ്റോറിയല് ബോര്ഡംഗങ്ങള് "ഗൂഢാലോചന"യിലേര്പ്പെട്ടു. പ്രകൃതിയുടെ സ്നേഹഭാവങ്ങള് വര്ണ്ണപ്പകിട്ടൊട്ടു ചോരാതെ കോര്ത്തു വയ്ക്കുന്ന വൈഭവത്തെ കണ്ടെത്തിയ നിമിഷം തലക്കെട്ടു രൂപാന്തരം പ്രാപിച്ചു- "കാച്ചിക്കുറുക്കിയ വര്ണ്ണരാജികള്!"

വനിതാദിനാഘോഷത്തിനു നാന്ദി
കുറിക്കുവാന് ഈയാഴ്ചയില് ഞങ്ങള് കണ്ടെത്തിയ താരം,
ശ്രീലക്ഷ്മിയുടെയും പാര്വതിയുടെയും അമ്മ, വര്ണ്ണരാജികള് നേര്ത്ത നൂലിഴകളിലാവാഹിച്ച് വിസ്മയം തീര്ക്കുന്ന
സ്നേഹപ്പൂത്തിരികളുതിര്ക്കുന്ന ബാങ്കര്,

ശ്രീമതി മീര ഗോവിന്ദന്,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
OAD, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, എറണാകുളം.

തൃശൂര് ജില്ലയിലെ ഇരിങ്ങാലക്കുടയില് പരേതനായ എ.ഗോവിന്ദന്, ശ്രീമതി ടി.വി.പത്മ ദമ്പതികളുടെ മകളായി 1969 ല് ജനനം. കെ.എസ്.ഇ.ബി യില് എഞ്ചിനീയര് ആയിരുന്ന പിതാവിന്റെ ജോലി സ്ഥലമായിരുന്ന ഇടുക്കി കുളമാവിലായിരുന്നു, നാലാം ക്ലാസ്സു വരെ പഠനം.മാതാവ്, ഗവണ്മെന്റ് സ്ക്കൂള് അദ്ധ്യാപികയായിരുന്നു. കുളമാവ് ഡാം സൈറ്റ് നിര്മ്മാണം പൂര്ത്തിയാകുമ്പോഴേക്കും കുടുംബം സ്വദേശമായ ഇരിങ്ങാലക്കുടയിലേക്ക് മടങ്ങിയെത്തി.
ലിറ്റില് ഫ്ലവര് കോണ്വെന്റ് ഗേള്സ് ഹൈസ്ക്കൂള്, സെന്റ് ജോസഫ്സ് കോളേജ് എന്നിവിടങ്ങളിലായിരുന്നു, തുടര്ന്നുള്ള പഠനം.

മാത്തമാറ്റിക്സ് ബിരുദാനന്തര പഠനം പൂര്ത്തിയായി വരുന്ന സമയത്ത് ബി. എസ്. ആര്. ബി. ടെസ്റ്റ് പാസ്സായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയില് ക്ലറിക്കല് കേഡറില് നിയമനം ലഭിച്ചു. 1991 ഡിസംബറില് തുടങ്ങിയ ബാങ്കിംഗ് ജീവിതം ഉല്ലാസപൂര്വം തുടരുന്നു. 2008 ല് ഓഫീസര് കേഡറിലേക്ക് പ്രൊമോഷന് സ്വീകരിച്ചു. അതിനു ശേഷം എറണാകുളം, പാലക്കാട് ജില്ലകളില് വിവിധ ബ്രാഞ്ചുകളില് മാനേജര് ചുമതലകള് വഹിച്ചു. ഇപ്പോള് എറണാകുളം അഡിമിനിസ്ട്രേറ്റീവ് ഓഫീസില് ഡെപ്യൂട്ടി മാനേജരായി പ്രവര്ത്തിക്കുന്നു.

"ഏഴാം ക്ലാസ്സു വരെയുള്ള സ്ക്കൂള് ജീവിതം, പാട്ടും നൃത്തവും

ചിത്രരചനയും കളികളും മത്സരങ്ങളുമായി കഴിഞ്ഞു പോയി. എട്ടാം ക്ലാസ്സ് ആയപ്പോഴേക്ക് കുടുംബത്തിന്റെ നിതാന്തമായ ഭദ്രതയിലാകണം പെണ്കുട്ടികള് വളരേണ്ടതെന്ന കാഴ്ചപ്പാട് എല്ലായിടത്തുമെന്ന പോലെ തന്റെ കുടുംബത്തിലും നില നിന്നിരുന്നു. സ്ക്കൂള്- കോളേജ്- വീട്, അമ്മാവന്മാരുടെ തണലും കരുതലുമായി വിദ്യാര്ത്ഥി ജീവിതം നയിച്ചവരായിരുന്നു, അക്കാലത്തെ വിദ്യാര്ത്ഥിനികള്, ഞങ്ങള്"- അക്കാലമൊക്കെ മാറി മറിഞ്ഞ് ഉല്ലാസപ്പറവകളായ ഒരു തലമുറ എത്ര വേഗത്തിലാണുദയം ചെയ്തതെന്നും മീര തന്റെ സംഭാഷണത്തില് കൂട്ടിച്ചേര്ത്തു.

സ്ക്കൂള് ക്ലാസ്സില് പഠിച്ച എംബ്രോഡിയറിയും തുന്നലും മറക്കാതെ ചേര്ത്തു വച്ചു. ഏകാഗ്രതയും ക്ഷമയും കര്മ്മ കൗശലവും ഭാവനാവികാസവും ഒരുമിക്കുന്ന നൈപുണ്യം സ്വയം കണ്ടറിഞ്ഞ് അതില് സമയം നിക്ഷേപിച്ച് ആര്ജിച്ചെടുത്ത കരവിരുതാകുന്നു, ടാലന്റഡ് ബാങ്കേഴ്സ് പേജുകളില് ഇടയ്ക്കിടെ വിടരുന്ന വിസ്മയദൃശ്യങ്ങള്. സപ്തവര്ണ്ണങ്ങളുടെ വകഭേദങ്ങള് എണ്ണിയാലൊടുങ്ങാതെ പ്രകൃതിയില് നിറഞ്ഞു നില്ക്കുന്നു.ആ ഭാവവിന്യാസങ്ങള് അതേ വര്ണ്ണ ചാരുതയില് മനസ്സില് തിങ്ങി നിറയും.പകര്ത്തി വയ്ക്കുവാന് ഒരു ഫ്രെയിമും സൂചിയും വര്ണ്ണനൂലിഴകളും പാകത്തില് ഇഴയാര്ന്നു വികസിക്കുവാനൊരു മനസ്സുമാകുമ്പോള് അത് മീര ടച്ച് ആര്ന്ന ഒരു കലാസൃഷ്ടിയായി മാറുന്നു.
എംബ്രോയിഡറിയില് തീര്ത്ത ധാരാളം കലാവിരുതുകള് അടുക്കി വച്ചിട്ടുണ്ട്. ക്രോസ്സ് സ്റ്റിച്ചിംഗ് ഒരു ഹരമായി മാറുകയായിരുന്നു.

"ആദ്യമൊക്കെ ചെറു പൂക്കളും ഇലകളും തുന്നിച്ചേര്ത്ത കൗതുകങ്ങളായിരുന്നു. ക്രമേണ ഫ്രെയിമുകള് വലുതാക്കി. വര്ണ്ണ നൂലുകളുടെ അന്വേഷണം തുടര്ന്നു കൊണ്ടേയിരുന്നു.നമ്മുടെ നാട്ടിലെ പ്രധാന നൂലു കമ്പനിയായ ആങ്കര് നല്കുന്ന വര്ണ്ണപ്പൊലിമ പരമാവധി നാനൂറോളം വകഭേദങ്ങളിവസാനിക്കുന്നു. ബ്രോഡ് വേയിലെ ജോസ് & കമ്പനിയില് നിന്ന് ശേഖരിക്കാവുന്ന എല്ലാ വര്ണ്ണനൂലുകളും കൈവശമുണ്ട്. ഓണ്ലൈനിലും നൂല് കിട്ടും.

ആയിരക്കണക്കിന് വര്ണ്ണഭേദങ്ങളില് നൂലുകള് ലഭ്യമാണ്
വിദേശങ്ങളില് നിന്ന്
അവ ലഭിക്കാനുള്ള പണച്ചെലവ് ഏറെയാണ്. അതിനാല് നാട്ടില് ലഭ്യമായ പരമാവധി നിറങ്ങളിലുള്ള നൂലുകള് ശേഖരിച്ച് വയ്ക്കുന്നു; മനസ്സിലെ രൂപങ്ങള് നിറം പകര്ന്നു നെയ്തു വയ്ക്കുന്നു. A 4 സൈസ് ചിത്രങ്ങള് ഗ്രിഡിലേക്ക് പകര്ത്തി നൂലില് ഇഴചേര്ത്ത് സ്വയം പരിശീലിച്ചെടുത്ത കരവിരുത് വലിയ ക്യാന്വാസുകളിലേക്ക് ക്രമേണ മുന്നേറുകയാണ്. 16×16 ഇഞ്ച് ഫ്രെയിമില് മൂന്നു മാസത്തോളം ചെലവഴിച്ചു തുന്നിയെടുത്ത നൂല് ചിത്രമായിരുന്നു അടുത്ത സമയത്ത് ടാലന്റഡ് ബാങ്കേഴ്സ് പേജില് അനുവാചകരെ അതിശയിപ്പിച്ച കലാസൃഷ്ടി.

ഒറിജിനല് ഫോട്ടോയെ വെല്ലുന്ന ഒരു കുടുംബചിത്രം മീര നൂലിഴകളില് കോർത്തു വച്ചു (ഇതോടൊപ്പമുള്ള കൊളാഴില് അതു കാണാം).അതിനു കിട്ടിയ അഭിനന്ദന പ്രവാഹത്തില് തന്റെ ആഹ്ലാദം മീര അറിയിക്കുന്നു.

''പാലക്കാട് ശേഖരീപുരം ബ്രാഞ്ച് മാനേജരായിരിക്കുമ്പോഴാണ് സഹപ്രവർത്തകരായ ശ്രീ അരുണ്, ശ്രീമതി ആരതി എന്നിവർ ടാലന്റഡ് ബാങ്കേഴ്സ് കൂട്ടായ്മയെപ്പറ്റി പറയുന്നത്. എംബ്രോയിഡറിയും ക്രോസ് സ്റ്റിച്ചിംഗ് കലാവിരുതും കുടുംബാംഗങ്ങളും അടുത്ത സുഹൃത്തുക്കളും പ്രോത്സാഹിപ്പിച്ചിരുന്നു. അതിനായി ഒരു പ്രദർശനം സംഘടിപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുമെങ്കിലും അതിനൊന്നും ശ്രമിച്ചില്ല. തുന്നിക്കൂട്ടിയവയൊക്കെ വീടിന്റെ സ്വകാര്യതയില് ഒതുങ്ങി.കഴിഞ്ഞ വർഷം ടാലന്റഡ് ബാങ്കേഴ്സിന്റെ പേജില് അത് ചേർത്തു വയ്ക്കുവാന് കഴിഞ്ഞത് ഭാഗ്യമായി. അകമഴിഞ്ഞ പ്രോത്സാഹനമാണ് ബാങ്കർ സഹോദരങ്ങള് എനിക്ക് നല്കുന്നത്. അതുകാരണം എനിക്കൊരു ഷോ കേയ്സുണ്ടായി. ഇന്സ്റ്റഗ്രാം അക്കൗണ്ടും ഫെയ്സ്ബുക്ക് പേജും Meeraas needle craft എന്ന പേരില് തുടങ്ങി.

ത്രെഡ് വർക്കിന്റെ വിവിധ വശങ്ങള് പറഞ്ഞു കൊടുക്കാന് കഴിയുന്നു. എല്ലാപേർക്കും തിരക്കാണ് ബാങ്കിംഗ് ജോലിയില്.പക്ഷെ ഏകാഗ്രതയും ക്ഷമയും മാനസികോല്ലാസവും നിലനിറുത്തേണ്ട തൊഴില് മേഖലയാണ് നമ്മുടേത്.മാനസിക പിരിമുറക്കത്തില് നിന്ന് മാറി നില്ലാന് ഓഫീസ് കാര്യങ്ങള് ഓഫീസില് വച്ചിട്ട് വീട്ടിലേക്കു വരിക.അര മണിക്കൂർ' ഒരു മണിക്കൂർ സമയം സൂചിയും നൂലുമായി മുഴുകുക. അങ്ങിനെ മണിക്കൂറുകള്, മാസങ്ങള് ചെലവഴിച്ചു നെയ്തെടുത്ത ചിത്രപ്പണികള് ആത്മസംതൃപ്തി നല്കുന്നു. വലിയ വാള് ചിത്രങ്ങള് ഇഴ ചേർക്കുവാനുള്ള ശ്രമത്തിലാണിപ്പോള്. ആണ് പെണ് വ്യത്യാസമില്ലാതെ ചെയ്യാവുന്ന ഹോബിയാണിത്. മാനസിക സംഘർഷങ്ങള് അകറ്റി നിറുത്തുവാനുള്ള ഉത്സാഹം ഈ ഹോബിയിലൂടെ ലഭിക്കും. പഠനസഹായിയായി വീഡിയോയും ചേർത്തിട്ടുണ്ട്. രണ്ടു മക്കളും പഠന വീഡിയോ എടുത്തു തന്ന് പ്രോത്സാഹിപ്പിക്കുന്നു'' - മീരയുടെ സ്നേഹഭാവങ്ങള് വാക്കുകളാല് ചിന്തേറിടുന്നു. താഴെച്ചേർത്തിരിക്കുന്ന ലിങ്കുകള് അവരിലെ വിലപ്പെട്ട പ്രതിഭയെ വെളിവാക്കുന്നവയാണ്.

**https://www.facebook.com/meeraasneedlecraft/videos/1272284623110858/**

https://instagram.com/meeraas_needlecraft...

**https://www.facebook.com/107581277754872/posts/173674137812252/**

മൂത്തമകള് ശ്രീലക്ഷ്മി, ബി.ഡി.എസ്

ഹൗസ് സർജൻസി യിലെത്തി പഠനം തുടരുന്നു. ഇളയ മകള് പാർവതി, എം.ബി.എ കഴിഞ്ഞ് ഇപ്പോള് ബാംഗ്ലൂരില് ജോലി നോക്കുന്നു.ചിത്രരചന രണ്ടു പേര്ക്കും വഴങ്ങും.

നീഡില് വര്ക്ക് കഴിഞ്ഞാല് മീരയുടെ ഹോബി കുക്കിംഗും ബേക്കിംഗുമാണ്. ഭക്ഷണം ഏതുതരവും രൂപപ്പെടുത്തുവാനും പുതിയ രീതികള് പരീക്ഷിക്കുവാനും ഇവര് മൂവരും ചേര്ന്ന് വീട്ടിലുത്സാഹമാണ് ഒന്നിക്കുമ്പോള്; കൂടെ ഗൃഹനാഥന് അഡ്വ ബി.രാധാകൃഷ്ണന് കൂടെയാകുമ്പോള് വര്ണ്ണാഭമാകുന്ന ഗൃഹപ്രപഞ്ചം. ശ്രീ രാധാകൃഷ്ണന്, അമ്പലമേഡ് HOC യില് ഉദ്യോഗസ്ഥനായിരുന്നു. വിരമിച്ച ശേഷം കേരള ഹൈക്കോടതിയില് അഭിഭാഷകനായി പ്രാക്ടീസ് ചെയ്യുന്നു.

ടാലന്റഡ് ബാങ്കേഴ്സ്.
വനിതാദിനാഘോഷങ്ങള്ക്കായി നാമേവരും കാത്തിരിക്കുന്ന ഈ സുദിനത്തില് ഈ ദളം സസന്തോഷം സമര്പ്പിക്കുന്നു.

''ഏറെ ഹൃദ്യമായ ഒരു പുഞ്ചിരിയോടെയാണ് ആ ബ്രാഞ്ച് മാനേജർ നിങ്ങളെ വരവേൽക്കുക. ഒരിക്കലെങ്കിലും ശേഖരീപുരം ബ്രാഞ്ചിൽ പോയിട്ടുള്ളവർ മീര മാഡത്തിൻ്റെ മധുരമൂറുന്ന സംസാരവും പെരുമാറ്റവും ഇന്നും ഓർത്തിരിക്കുന്നുണ്ടാവും. എന്തൊരു സ്നേഹമാണ് അവർക്ക് ഈ ലോകത്തോട്. സൂക്ഷ്മതയുടെയും ക്ഷമയുടെയും ആൾരൂപമെന്നത്, സവിശേഷമായ ഈ ചിത്രത്തുന്നലിലൂടെ അവർ വീണ്ടും തെളിയിക്കുന്നു''- ഈ അഭിപ്രായം പങ്കുവെച്ചിരിക്കുന്നത് ടാലന്റഡ് ബാങ്കേഴ്സ് പ്രതിഭാദളതാരവും പ്രശസ്ത നാചർ ഫോട്ടോഗ്രാഫറും ശാസ്ത്രമാസികാ കോളമിസ്റ്റുമായ ശ്രീ അഭിലാഷ് ലീലാരവീന്ദ്രന് -SBI.

ശ്രീമതി മീരാ ഗോവിന്ദനും കുടുംബത്തിനും
വനിതാദിനാശംസകള് നേര്ന്നു കൊണ്ട്,

ടാലന്റഡ് ബാങ്കേഴ്സ്.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Arya Gayathry , State Bank of India, Pallickal Branch

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത ബ്രാഞ്ച്, കോഴിക്കോട്

-----------------------------------------------------------------------------------------------

Many talented ladies got shortlisted to appear at this week’s special Talented bankers column planned along with the ‘Chaayam' International Women’s Day special programme. It didn’t take

more than a second to finalise as the editorial board members noticed the art of weaving together the nature's beauty without losing an iota of colour. Let's start the celebrations of Women's day with the introduction of this talent who weaves magic out of thin strands of threads:

Smt. Meera Govindan
State Bank of India
OAD, Administrative Office,
Ernakulam

She was born to late Shri A. Govindan and Smt. T.V. Padma at Irinjalakuda, Thrissur in 1969. Her schooling till 4th grade was at Kulamaavu, Iduki where her father worked as KSEB Engineer. Her mother was a Government school teacher. By the time Kulamaavu dam site construction got over, the family shifted back to their hometown, Irinjalakuda. Her further studies were at Little Flower Convent Girls' High School and St.Joseph's college.

As soon as she passed her MSc Mathematics course, she cleared the BSRB test and joined State Bank of India in the Clerical cadre in the year 1991. She got promoted in 2008 and worked in various branches in Ernakulam and Palakkad. Now she is a deputy manager at Ernakulam Administrative Office.

Till 7th, she participated in various dance, music, drawing competitions and other activities. From 8th grade, she refrained from these and restricted herself to the care and concern of her uncles and not changing her path from school to home even once. She now wonders how fast the present day carefree new generation of kids emerged.

Embroidery and stitching lessons at school stayed with her always. The works we see frequently in our group are the result of concentration, patience, experience and imagination; and sparkle with life as seen in the nature. Meera first creates her art in her mind, and recreates the same with the help of a frame, needle, colourful threads and her imaginative mind. She has a large collection of her embroidered works. Cross stitching has become a passion now.. small flowers and leafs have grown with times to larger frames and myriad of colours. She collects the coloured threads of all shades available from the popular shop named Anchor, another - Jose & company at Broadway and also online. As getting threads of rare colours from abroad is too costly, she does justice to her work by collecting all shades available locally and colours the pictures from her mind. She has now started transferring A4 size pictures to grid and weave them together to form larger canvases. The recent beautiful picture shared in our group was created in a 16×16 inch frame over a period of nearly three months. That is patience!! Meera is excited about the encouragement and support she got fir the work.

" It was while I was the branch head at Palakkad Sekharipuram that my colleagues Sri Arun and Smt. Arathi told me about our group. Though I have been encouraged by my family and friends to exhibit my works, I never ventured to take them beyond the four walls of the house. I was lucky I could present them together in the Talented Bankers page. The bankers in the group impart a lot of encouragement that prompted me to get a showcase. I started a Facebook page and an Instagram account in the name Meeraas needle craft through which I can teach the

techniques in this artform. Every banker is busy but it is a job that requires concentration, patience and pleasant nature. I leave my official stress there itself and once I reach home, I spend from half an hour to one hour with my thread and needle. The works thus created over months give a great satisfaction. At present I weave together huge wall paintings. This is a hobby that relieves one from stress and can be chosen by anybody without any gender bias. I have also shared a tutorial video. My both daughters help in creating the videos." quips the artist.

The following links clearly shows how talented she is.

**https://www.facebook.com/meeraasneedlecraft/videos/1272284623110858/**

https://instagram.com/meeraas_needlecraft...

**https://www.facebook.com/107581277754872/posts/173674137812252/**

Her elder daughter Sreelakshmi is pursuing BDS house surgency and her younger one Parvathi has completed her MBA course and works at Bangalore. Both are good at drawing. Meera's other hobbies are cooking and baking. The trio are always excited to try out new experimentations in cooking and they are supported by Meera's husband Adv. B.Radhakrishnan who retired from HOC Ambalamedu and is presently practising at the Kerala Highcourt.

"This Branch Manager greets you always with a sweet smile. Anyone who has visited the Sekharipuram branch would forever remember her courteous customer service and behaviour. How she loves the world around her! A personification of concentration and patience is proved yet again through her weaving techniques." – these are the words of our previous Talented Banker, renowned nature photographer and Science Magazine columnist, Sri. Abhilash Leela Raveendran (SBI)

We wish Smt. Meera Govindan and family a wonderful and memorable International Women's day and many more years of happiness and prosperity.